Keraleeyam
Rs. 20/- 2012 May Posted at Thrissur RMS/2 on 21/5/2012

മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ജനങ്ങളിലേക്കെത്തുന്നതിനെ ആരെല്ലാമോ ഭയക്കുന്നുണ്ട് എന്നാണ് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിന്റെ നടപടികളിൽ നിന്നും വ്യക്തമാകുന്നത്. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ തയ്യാറാകാത്ത മന്ത്രാലയത്തിന്റെ നടപടിയെ സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ രൂക്ഷമായി വിമർശിച്ചിരിക്കുന്നു.

കേരളീയം വാർത്താശൃംഖല

# പരിസ്ഥിതി മന്ത്രാലയത്തിന്റെ പേടിയെന്ത്?

**ഇന്ത്യയുടെ** പാരിസ്ഥിതിക ചരിത്രത്തിൽ സുപ്രധാന സ്ഥാനമാണ് പശ്ചിമഘട്ടത്തിനുമുള്ളത്. ദശലക്ഷക്കണക്കിന് ജീവനുകൾ ആശ്രയിക്കുന്ന വനങ്ങളും പുഴകളും കൃഷി സ്ഥലങ്ങളുമൊക്കെയടങ്ങിയ ഈ പർവ്വതനിരകൾ, എന്നാൽ കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി മറ്റേതൊരു പ്രകൃതിസമ്പത്തും പോലെ വികസനചൂഷണത്തിന്റെ ഇരയായിത്തീർന്നിരിക്കുകയാണ്. അതിനൊരു പരിഹാരം കാണുന്നതിനായാണ്, കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ടത്തിന്റെ അവസ്ഥയെക്കുറിച്ച് പഠനം നടത്തി, ദോഷകരമായ വികസനപദ്ധതികളിൽ നിന്നും ഈ മലനിരകളെ രക്ഷിച്ച് എങ്ങനെ പുനരുജ്ജീവിപ്പിക്കാം എന്ന് നിർദ്ദേശിക്കുന്നതിനായി പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെ 2010 മാർച്ചിൽ നിയോഗിച്ചത് (Western Ghats Ecology Expert Panel -WGEEP). പശ്ചിമഘട്ടത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച്, 14 പാനൽ മീറ്റിംഗുകളും സർക്കാർ ഏജൻസികളുമായി എട്ട് കൂടിയാലോചനകളും സിവിൽ സമൂഹവുമായി 40 ഓളം കൂടിയാലോചനകളും നടത്തിയതിനു ശേഷം ഈ സമിതി 2011 സെപ്റ്റംബറിൽ 300 പേജുകൾ വരുന്ന റിപ്പോർട്ട് വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകി.

എന്നാൽ ജനങ്ങൾക്ക് മുൻപിൽ പരസ്യപ്പെടുത്തേണ്ടിയിരുന്ന ഈ റിപ്പോർട്ട് വെബ്സൈറ്റിൽ നൽകാൻ മന്ത്രാലയം വിസമ്മതിച്ചു. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിക്കാനാവില്ലെന്നറിയിച്ച് കേരളമുൾപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ ഇതിനിടെ രംഗത്തെത്തിയിരുന്നു. റിപ്പോർട്ടിൽ പരിസ്ഥിതിലോലപ്രദേശങ്ങളായി നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ നടക്കുന്ന വികസനപദ്ധതികൾ നിർത്തലാക്കേണ്ടി വരുമോ എന്ന ഭയം കൊണ്ടാണ് കേന്ദ്രമന്ത്രാലയവും സംസ്ഥാനങ്ങളും റിപ്പോർട്ടിനെതിരെ നിൽക്കുന്നത് എന്നാണ് വിലയിരുത്തപ്പെടുന്നത്. 2011 സെപ്റ്റംബർ 21ന് ഒരു പൊതുയോഗത്തിൽ വെച്ച് റിപ്പോർട്ട് ഇറക്കേണ്ടിയിരുന്നതാണ്. എന്നാൽ ഈ യോഗവും അനിശ്ചിതമായി നീളുകയാണ്.

ആ സാഹചര്യത്തിലാണ്, ജി. കൃഷ്ണൻ എന്ന ആക്ടിവിസ്റ്റ് വിവരാവകാശനിയമപ്രകാരം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് റിപ്പോർട്ടിന്റെ ചുരുക്കരൂപം ആവശ്യപ്പെട്ടത്. എന്നാൽ അദ്ദേഹം നൽകിയ അപേക്ഷ, സംസ്ഥാനങ്ങളുമായി റിപ്പോർട്ടിൻമേലുള്ള ചർച്ചകൾ തുടരുകയാണെന്ന് പറഞ്ഞ് മന്ത്രാലയം നിരസിക്കുകയായിരുന്നു. മാത്രമല്ല, റിപ്പോർട്ട് ഇപ്പോഴും പൂർണ്ണരൂപത്തിലായിട്ടില്ലെന്നും അതിനാൽ വിവരാവകാശനിയമപ്രകാരം പ്രസിദ്ധപ്പെടുത്താനാവില്ലെന്നും പറഞ്ഞു. തുടർന്ന് ജി. കൃഷ്ണൻ രണ്ടാമത് അപേക്ഷ നൽകുകയും വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 8(1) (a) പ്രകാരം മന്ത്രാലയം അപേക്ഷ വീണ്ടും നിരസിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം സെൻട്രൽ ഇൻഫർമേഷൻ കമ്മീഷന് (CIC) പരാതി നൽകുകയും കമ്മീഷൻ മന്ത്രാലയത്തിനോട് വിശദീകരണം ചോദിക്കുകയും ചെയ്തു. റിപ്പോർട്ട് പുറത്തുവിടുന്നത് രാജ്യത്തിന്റെ സാമ്പത്തികവും ശാസ്ത്രീയവുമായ താത്പര്യങ്ങളെ വിനാശകരമായി ബാധിക്കും എന്നായിരുന്നു മന്ത്രാലയത്തിന്റെ വിശദീകരണം. റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും മറ്റ് അനുബന്ധ മന്ത്രാലയങ്ങളുടെയും ആസൂത്രണ കമ്മീഷന്റെയും സംസ്ഥാനങ്ങളുടെയും അഭിപ്രായമറിയുന്നതിനായി കാത്തിരിക്കുന്നതിനാലും അത് പരസ്യപ്പെടുത്താനാവില്ല എന്നും പരിസ്ഥിതി മന്ത്രാലയം വിശദീകരിച്ചു. എന്നാൽ മെയ് 10ന് ഉള്ളിൽ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ ഉത്തരവിറക്കി. വിവരാവകാശ നിയമത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിക്കുന്ന ന്യായങ്ങളാണ് ഇൻഫർമേഷൻ കമ്മീഷൻ ആ ഉത്തരവിൽ പറയുന്നത്. പ്രധാനകാര്യങ്ങൾ ഇങ്ങനെയാണ്, “വിദഗ്ദ്ധപാനൽ സമർപ്പിച്ചിട്ടുള്ളത് തന്നെയാണ് റിപ്പോർട്ട്. അഥവാ, ഗവൺമെന്റിന് പ്രസ്തുത റിപ്പോർട്ട് തള്ളാൻ എന്തെങ്കിലും കാരണങ്ങളുണ്ടെങ്കിൽ കൃത്യമായി ജനങ്ങൾക്ക് മുന്നിൽ വ്യക്തമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗവൺമെന്റിനെ ജനങ്ങൾ അവിശ്വസിക്കാനും ഏകപക്ഷീയമായ, അഴിമതി നിറഞ്ഞ നിലപാടെടുത്തുവെന്നും പറയാനിടയാക്കും. റിപ്പോർട്ട് അന്തിമമായി അംഗീകരിച്ചിട്ടില്ല എന്നപേരിൽ തടഞ്ഞുവയ്ക്കാനുള്ള വകുപ്പ് വിവരാവകാശ നിയമത്തിലില്ല. പരിസ്ഥിതി സംരക്ഷണത്തിനായുള്ള നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുക എന്നത് രാജ്യത്തിന്റെ സാമ്പത്തികവും ശാസ്ത്രീയവുമായ താത്പര്യങ്ങളെ വിനാശകരമായി ബാധിക്കില്ല. ജനാധിപത്യത്തിൽ സർക്കാറിന്റെ അധിപന്മാരായ ജനങ്ങളെ ഒഴിവാക്കിയും അവരിൽ നിന്നും വസ്തുതകൾ മറച്ചുവച്ചും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക എന്നത് അസഭ്യമാണ്. സർക്കാർ ചിലവിൽ ശാസ്ത്രജ്ഞന്മാർ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഉറപ്പായും പൗരന്മാരിൽ എത്തിച്ചേരണം. പൊതുധനം ഉപയോഗപ്പെടുത്തി തയ്യാറാക്കുന്ന റിപ്പോർട്ടുകളെ ആധാരമാക്കി പൗരന്മാരും സർക്കാറും തമ്മിൽ സംവാദം നടക്കുന്നതിന് അത് വഴിതെളിക്കും.”

എന്നാൽ സെൻട്രൽ ഇൻഫർമേഷൻ കമ്മീഷന്റെ ഉത്തരവിനെതിരെ പരിസ്ഥിതി മന്ത്രാലയം ദില്ലി ഹൈക്കോടതിയെ സമീപിക്കുകയും കൂടുതൽ വാദങ്ങൾക്കായി CIC യുടെ ഉത്തരവ് കോടതി സ്റ്റേചെയ്യുകയും ചെയ്തു. തുടർന്ന് ജി. കൃഷ്ണനും പരിസ്ഥിതിപ്രവർത്തകരും ചേർന്ന് പ്രമുഖ അഭിഭാഷകനായ റിത്വിക് ദത്തയെ വെച്ച് പ്രസ്തുത കേസ് വാദിക്കാനൊരുങ്ങുകയാണ്. പശ്ചിമഘട്ട മലനിരകളിലെ ഖനന ലോബികളുടെ താത്പര്യങ്ങൾക്ക് മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് തടസ്സമാകും എന്നതിനാൽ അവർ സ്വാധീനശേഷി ഉപയോഗിച്ച് റിപ്പോർട്ട് അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്നാണ് ഈ സംഭവങ്ങളിൽ നിന്നും വ്യക്തമാകുന്നത് എന്ന് പരിസ്ഥിതി പ്രവർത്തകർ പറയുന്നു. *ബന്ധങ്ങൾക്ക്: 9745988740*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com